शिक्षा का अधिकार

सर्व शिक्षा अभियान
सब पढ़ें सब बढ़ें



# വാർഷിക മൂല്യനിർണയം 2015-16

## സാമൂഹ്യശാസ്ത്രം

ക്ലാസ്സ് VI

സമയം: 2 മണിക്കൂർ

**നിർദേശങ്ങൾ**

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്.
2. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം

**1.** ജനാധിപത്യവ്യവസ്ഥയ്ക്ക് വലിയ സ്വീകാര്യത ലഭിക്കുമ്പോൾ തന്നെ വിവിധ രാജ്യങ്ങളിൽ ജനാധിപത്യേതര ഗവൺമെന്റുകൾ നിലനിൽക്കുന്നു.

a. ലോകത്ത് ജനാധിപത്യഭരണക്രമമല്ലാതെ മറ്റേതെല്ലാം ഭരണ ക്രമങ്ങളുണ്ട് ?

b. ജനാധിപത്യഭരണക്രമത്തിന്റെ മേന്മകൾ എന്തെല്ലാം?

**2.** പ്രകൃതി വിഭവങ്ങളുമായി ബന്ധപ്പെട്ട പത്രവാർത്തകൾ ശ്രദ്ധിക്കൂ !

| | |
|---|---|
| *മനുഷ്യന്റെ അമിത വിഭവചൂഷണം ഡോഡോപക്ഷിക്ക് വംശനാശം* | *ഡൽഹിയിൽ ഡീസൽ വാഹനങ്ങൾക്ക് നിയന്ത്രണം* |
| *ശുദ്ധജലവിതരണക്കുഴൽപൊട്ടി നഗരവാസികൾ ജലത്തിനായി നെട്ടോട്ടം* | *കേരളത്തിൽ വൈദ്യുതിക്ഷാമം കേന്ദ്രപൂളിൽ നിന്ന് വൈദ്യുതി വാങ്ങാൻ തീരുമാനം* |

a. എന്താണ് വിഭവശോഷണം ?

b. വിഭവശോഷണത്തിനുള്ള പ്രധാന കാരണങ്ങൾ എന്തെല്ലാം?

c. വിഭവശോഷണത്തിനുള്ള പരിഹാരമാർഗ്ഗങ്ങൾ എന്തെല്ലാം?

**3.** മദ്ധ്യകാലഘട്ടത്തിൽ യൂറോപ്പിലും ലോകത്തിന്റെ ഇതര ഭാഗങ്ങളിലും ഭൂമിയുടെ ഉടമസ്ഥാവകാശം പ്രത്യേക വിഭാഗങ്ങളിലാണ് കേന്ദ്രീകരിച്ചിരുന്നത്.

a. കേരളത്തിൽ പെരുമാൾ ഭരണകാലത്ത് ഭൂമിയുടെ ഉടമസ്ഥാവകാശം ആർക്കായിരുന്നു ?

b. പെരുമാൾ ഭരണകാലത്ത് കേരളത്തിൽ നിലനിന്നിരുന്ന സാമൂഹികാവസ്ഥ വിശദമാക്കുക ?

c. മദ്ധ്യകാല യൂറോപ്പിലെ പ്രഭുക്കന്മാരുടെ സാമൂഹികാവസ്ഥ എന്തായിരുന്നു?

**4.** ഉല്പാദന ഘടകങ്ങളാണ് ഭൂമി , തൊഴിൽ, മൂലധനം, സംഘാടനം

a. ഉല്പാദനഘടകമെന്നനിലയിൽ ഭൂമിയുടെ പ്രതിഫലം എന്താണ്?

b. മൂലധനത്തിന്റെ സവിശേഷതകൾ എന്തെല്ലാം?

c. ഉല്പാദന പ്രക്രിയയിൽ നിർണ്ണായകസ്ഥാനമാണ് സംഘാടനത്തിന് എന്ന് പറയാനുള്ള കാരണങ്ങൾ എന്തെല്ലാമാണ് ?

5. താഴെ തന്നിരിക്കുന്ന സംഗീതോപകരണങ്ങൾ മധ്യകാലഇന്ത്യയിൽ സംഗീതരംഗത്ത് ഉണ്ടായ പുരോഗതിയ്ക്ക് ഉദാഹരണങ്ങളാണ്.



a. മധ്യകാലഘട്ടത്തിൽ ദക്ഷിണേന്ത്യയിൽ വികാസം പ്രാപിച്ച സംഗീതശാഖയേത് ?

b. ഖവ്വാലി സംഗീതത്തിന്റെ വളർച്ചയിൽ പ്രധാന പങ്കുവഹിച്ച സംഗീതജ്ഞനാര് ?

c. മധ്യകാല ഇന്ത്യൻ സംഗീതത്തിലുണ്ടായ വളർച്ചയെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക ?

6. വേണ്ടിയാര്, പേപ്പൻ, വേത്താര്, മോളാര്, ചാട്ടൻ, ആച്ചി എന്നിവ കേരളത്തിലെ ഒരു ഗോത്രസമൂഹം ഉപയോഗിച്ചിരുന്ന കുടുംബബന്ധങ്ങളെ സൂചിപ്പിക്കുന്ന പദങ്ങളാണ്. നമ്മളിന്നുപയോഗിക്കുന്ന പല പദങ്ങളുമായും ഇവയ്ക്ക് സാമ്യമുണ്ട്.

a. ഗോത്രസമൂഹങ്ങൾ ഒന്നിച്ചുതാമസിക്കുന്ന സ്ഥലം ഏതുപേരിലാണറിയപ്പെടുന്നത്?

b. ഗോത്രത്തലവൻ അറിയപ്പെട്ടിരുന്നത് ഏത് പേരിലാണ്?

c. ഗോത്രസമൂഹത്തിന്റെ ജീവിതരീതിയെക്കുറിച്ച് കുറിപ്പ് തയ്യാറാക്കു.